LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ പ്രവേശനത്തിന് ജാതിയുടെയും മതത്തിന്റേയും അനിവാര്യത

31 [2248] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ കുട്ടികളെ ചേർക്കുമ്പോൾ അവരുടെ ജാതിയോ മതമോ വ്യക്തമാക്കണമെന്ന നിബന്ധന നിലവിലുണ്ടോ;

(ബി) ജാതിയോ മതമോ ചേർക്കാനാഗ്രഹിക്കാത്തവർക്ക് അതിനുള്ള അനുമതിയുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനു കാരണം വ്യക്തമാക്കാമോ;

(ഡി) ജാതിയും മതവും സ്കൂൾ പ്രവേശന സമയത്ത് കാണിച്ചിരിക്കണമെന്ന് നിർബന്ധിക്കുന്ന സർക്കുലറുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ഉദിക്കുന്നില്ല.

(ഡി) ഇല്ല.

എൽ.പി., യു.പി. അദ്ധ്യാപകരുടെ നിയമനം

32 [2249] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും കണ്ണൂർ ജില്ലയിൽ ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) എൽ.പി., യു.പി. അസിസ്റ്റന്റുമാർക്ക് അർഹതപ്പെട്ട ഒഴിവുകളിൽ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇപ്പോൾ ജോലിചെയ്തുവരുന്നുണ്ട്; ഇവരെ മാതൃസ്കൂളുകളിലേക്ക് തിരിച്ചയയ്ക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതിവിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ തിരിച്ചയച്ചു;

(സി) എസ്.എസ്.എ.-യിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ജോലിചെയ്തുവരുന്നുണ്ടോ; എങ്കിൽ എത്രപേർ;

(ഡി) മറ്റ് ജില്ലകളിൽ എൽ.പി./യു.പി.. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകി എന്നുള്ള ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 235 പേർക്ക് നിയമനം നൽകി. 8 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 15 പ്രൊട്ടക്ടഡ് അദ്ധ്യാപകർ താൽകാലികമായി ജോലി നോക്കുന്നുണ്ട്. ബഹു. ഹൈക്കോടതി വിധി നിലവിലില്ല. സർക്കാർ നിർദ്ദേശപ്രകാരം 53 പ്രൊട്ടക്ടഡ് അദ്ധ്യാപകരെ മാതൃവിദ്യാലയത്തിലേക്ക് തിരിച്ചയച്ചു.

(സി) 22 പ്രൊട്ടക്ടഡ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്.

(ഡി)

തിരുവനന്തപുരം	..	698
കൊല്ലം	..	483
പത്തനംതിട്ട	..	281
ആലപ്പുഴ	..	391
കോട്ടയം	..	108
ഇടുക്കി	..	208
എറണാകുളം	..	166
തൃശ്ശൂർ	..	329
പാലക്കാട്		213
മലപ്പുറം	..	740
കോഴിക്കോട്	..	349
വയനാട്	..	327
കാസർഗോഡ്	..	464

യു. പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യാൻ പരിഗണനയിലുള്ള എൽ.പി. സ്കൂളുകൾ

33 [2250] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തവർഷം സർക്കാർ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സർക്കാർ സ്കൂളുകളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly